**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 468** — **03-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അവാർഡ് ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം വൃത്തിയും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനും, അത്യാധുനിക ചികിൽസാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിനും, അതിനൂതന ഉപകരണങ്ങൾ സ്ഥാപിച്ച് കൂടതൽ രോഗി സൗഹൃദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ ശുചിത്വപരിപാലനത്തിനായി ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രി സൂപ്രണ്ട്, ഇൻഫീഷ്യസ് ഡിസീസ് വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, മൈക്രോബയോളജി വിഭാഗം, PEID Cell, ഹൗസ് കീപ്പിംഗ് വിഭാഗം എന്നീ വിഭാഗങ്ങൾ സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. ആശുപത്രി sanitary rounds കൃത്യമായി നടത്തുന്നു, പ്രശ്നങ്ങൾ പരിഹരിക്കുന്നു. State PEID Cell ഇതിന്റെ ഏകോപനം നിർവ്വഹിക്കുന്നു. മെഡിക്കൽ കോളേജുകളിൽ ഇതിനായി LINK Nurses എന്നൊരു വിഭാഗം എല്ലാ വാർഡുകളിലും ആഴ്ചതോറും ട്രെയിനിംഗ് പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. കൂടാതെ ICU, Operation Theater, Labour room തുടങ്ങിയ സ്ഥലങ്ങളിൽ അണുബാധ Surveillance ന്റെ ഭാഗമായി swab ഓരോ മാസവും എടുക്കുകയും അതിന്റെ റിസൾട്ട് അനുസരിച്ച് വേണ്ട അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. ഇ-ഹെൽത്ത് സംവിധാനം ഒരുക്കി ഒ.പി-കൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് ചെയ്തു വരുന്നു. ആശുപത്രികളിൽ ടോക്കൺ സിസ്റ്റം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. വയോജനങ്ങൾക്കും അംഗപരിമിതർക്കും പ്രത്യേകം ക്യൂ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പോലെയുള്ള പദ്ധതികളിലൂടെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും വൃത്തിയുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നുണ്ട്. ആശുപത്രികളിൽ കാന്റീൻ സൗകര്യമുണ്ട്. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കുടിവെള്ളം ഉറപ്പുവരുത്തുന്നുണ്ട്. രോഗികൾക്ക് വിവിധ സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വീട്ടിലിരുന്ന് ഡോക്ടറെ കാണുവാൻ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ടെലിമെഡിസിൻ, ഇ-സഞ്ജീവനി പദ്ധതികളും പ്രായോഗികമാക്കുന്നുണ്ട്. |
| (ബി) | സർക്കാർ മെഡിക്കൽ കോളേജുകളുടെ വൃത്തി, സൗകര്യങ്ങൾ, രോഗി സൗഹൃദം, ജീവനക്കാരുടെ സേവനവും പെരുമാറ്റവും എന്നിവ അടിസ്ഥാനമാക്കി അവാർഡുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജുകളുടെ വൃത്തി, സൗകര്യങ്ങൾ, രോഗി സൗഹൃദം, ജീവനക്കാരുടെ സേവനവും പെരുമാറ്റവും എന്നിവ അടിസ്ഥാനമാക്കി അവാർഡുകൾ നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. -ന് കൂടുതൽ സീറ്റുകളും കൂടുതൽ പി.ജി. കോഴ്സുകളും അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | കോന്നി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ 100 എം.ബി.ബി.എസ് സീറ്റുകളിൽ വീതം അഡ്മിഷൻ ആരംഭിക്കുന്നതിലേക്കായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ (എൻ.എം.സി) ലെറ്റർ ഓഫ് പെർമിഷൻ ലഭ്യമാക്കുന്നതിനായി സർക്കാർ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ആയതിലേക്കായുള്ള അണ്ടർട്ടേക്കിംഗ് സർട്ടിഫിക്കറ്റും അനുവദിച്ച് നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് സർക്കാർ മെഡിക്കൽ കോളേജുകളിൽ അവശ്യം വേണ്ട പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ